"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

**വ്യവസായ വകുപ്പ് - കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡിന്റെ പ്രവർത്തനത്തിന് ആവശ്യമായ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് -ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**വ്യവസായ (എച്ച്) വകുപ്പ്**

സ.ഉ.(കൈ) നം.54/2023/ID തീയതി,തിരുവനന്തപുരം, 29-07-2023

---

പരാമർശം:-

1. 06.10.2022 ലെ നം.1/ലെഗ്.സി3/2022/നിയമം നമ്പർ വിജ്ഞാപനം.
2. 19.06.2023 തീയതിയിലെ അസാധാരണ ഗസറ്റ് നം 2065 ആയി പ്രസിദ്ധീകരിച്ച എസ്.ആർ.ഒ. നം.690/2023 വിജ്ഞാപനം.
3. 24.07.2023 തീയതിയിലെ അസാധാരണ വിജ്ഞാപനം നം. 2443 ആയി പ്രസിദ്ധീകരിച എസ്.ആർ.ഒ. നം.807/2023 വിജ്ഞാപനം.

**<u>ഉത്തരവ്</u>**

വ്യവസായ വകുപ്പിന്റെ ഭരണ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ വരാത്ത തസ്തികകൾ ഒഴികെ വിവിധ തസ്തികളിലേയ്ക്ക് നിയമിക്കുന്നതിനായി ഉദ്യോഗാർത്ഥികളുടെ സെലക്ട് ലിസ്റ്റ് തയ്യാറാക്കുന്നതിനും, വ്യവസായ വകുപ്പിന്റേതല്ലാത്ത മറ്റ് ഭരണ വകുപ്പുകളുടെ നിയന്ത്രണത്തിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ മുഖേനയല്ലാതെ നിയമനം നടത്തേണ്ടതായ വിവിധ തസ്തികകളിലേയ്ക്കുള്ള സെലക്ഷൻ ലിസ്റ്റ് ബന്ധപ്പെട്ട വകുപ്പുകൾ ആവശ്യപ്പെടുന്നതിന്മേൽ തയ്യാറാക്കുന്നതിനും വേണ്ടി സ്വയംഭരണാധികാരമുള്ള കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് രൂപീകരിക്കുന്നതിന് കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ആക്ട്, 2022 പരാമർശം (1) പ്രകാരം വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായി.

2. കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ആക്ട്, 2022 ലെ വകുപ്പ് 3(1) പ്രകാരം സർക്കാരിനു കൈവന്നിട്ടുള്ള അധികാരങ്ങൾ വിനിയോഗിച്ചു കൊണ്ട്, കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് രൂപീകരിച്ചുകൊണ്ട് പരാമർശം (2) പ്രകാരം വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്.

3. പരാമർശം (3) പ്രകാരം കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ആക്ട്, 2022 ലെ വകുപ്പ് 18 പ്രകാരം സർക്കാരിന് കൈവന്നിട്ടുള്ള അധികാരം ഉപയോഗിച്ച് കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ചട്ടങ്ങൾ, 2023 രൂപീകരിച്ചുകൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കയുണ്ടായി.

4. കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ആക്ടിലെ വകുപ്പ് 6(1) സർക്കാരിന്, ഉത്തരവ് മുഖേന, ബോർഡിന്റെ കാര്യക്ഷമമായ നടത്തിപ്പിനായി, ആവശ്യമായത്ര എണ്ണം വിവിധതരത്തിലുള്ള തസ്തികകൾ സൃഷ്ടിക്കുന്നതിനും അവയുള്ള യോഗ്യതകളും നിയമനരീതിയും ശമ്പളവും ബത്തകളും മറ്റ് സേവന വേതന വ്യവസ്ഥകളും നിർണയിക്കുന്നതിനും അധികാരം നൽകുന്നു. അതോടൊപ്പം കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ചട്ടങ്ങൾ, 2023 ലെ ചട്ടം 5(3), ബോർഡിലേക്ക് ആവശ്യമായ ഉദ്യോഗസ്ഥരുടെയും ജീവനക്കാരുടെയും തസ്തികകൾ കാലാകാലങ്ങളിൽ ആവശ്യാനുസരണം സൃഷ്ടിക്കുന്നതിന് സർക്കാരിന് അധികാരം നൽകുന്നു.

5. കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് ഏറ്റവും ആവശ്യമായ തസ്തികകൾ സൃഷ്ടിക്കുന്ന വിഷയം സർക്കാർ വിശദമായി പരിശോധിക്കുകയുണ്ടായി. കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ആക്ട്, 2022 -ലെ വകുപ്പ് 6(1) പ്രകാരവും കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ചട്ടങ്ങൾ, 2023 ലെ ചട്ടം 5(3) പ്രകാരവും സർക്കാരിന് കൈവന്നിട്ടുള്ള അധികാരം ഉപയോഗിച്ചുകൊണ്ട് കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡിന്റെ സുഗമമായ പ്രവർത്തനത്തിന് ഏറ്റവും ആവശ്യമായ ചുവടെ പറയുന്ന തസ്തികകൾ ആദ്യഘട്ടമായി സൃഷ്ടിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

| ക്രമ നം | തസ്തിക | ശമ്പള സ്കെയിൽ | തസ്തികയുടെ എണ്ണം | യോഗ്യത/ നിയമന രീതി |
|---|---|---|---|---|
| 1 | ബോർഡ് സെക്രട്ടറി (ഗവ. സ്പെഷ്യൽ സെക്രട്ടറി) | 129300 -166800 | 1 | കേരള പബ്ലിക് എന്റർപ്രൈസസ് (സെലക്ഷനും റിക്രൂട്ട്മെന്റും) ബോർഡ് ആക്ട്, 2022 ലെ സെക്ഷൻ 3(7) പ്രകാരം. |
| 2 | കൺട്രോളർ ഓഫ് എക്സാമിനേഷൻ | 118100 - 163400 | 1 | <u>അന്യത്രസേവന വ്യവസ്ഥയിൽ</u><br>പൊതുഭരണ സെക്രട്ടറിയേറ്റിലെ ജോയിന്റ് സെക്രട്ടറി തസ്തികയിൽ കുറയാത്ത പദവി വഹിക്കുന്നവരിൽ നിന്നോ<br>**അല്ലെങ്കിൽ**<br>കൊളേജ് വിദ്യാഭ്യാസ വകുപ്പിലെ അസോസിയേറ്റ് പ്രൊഫസർ റാങ്കിലോ യൂണിവേഴ്സിറ്റിയിലെ സമാന റാങ്കിലേയോ പദവി വഹിക്കുന്നവരിൽ നിന്ന് |
| 3 | ഫിനാൻസ് | 63700 - 123700 | 1 | <u>അന്യത്രസേവന വ്യവസ്ഥയിൽ</u> |

| | | | | |
|---|---|---|---|---|
| | ഓഫീസർ | | | ധനകാര്യ വകുപ്പിലെ അണ്ടർസെക്രട്ടറി തസ്തികയിലുള്ള ഉദ്യോഗസ്ഥരിൽ നിന്ന് |
| 4 | അസിസ്റ്റന്റ് സെക്രട്ടറി (അഡ്മിനിസ്ട്രേഷൻ & എക്സാം) | 63700 - 123700 | 1 | **അന്യത്രസേവന വ്യവസ്ഥയിൽ** പൊതുഭരണ സെക്രട്ടറിയേറ്റിലെ അണ്ടർസെക്രട്ടറി തസ്തികയിലുള്ള ഉദ്യോഗസ്ഥരിൽ നിന്ന് |
| 5 | മാനേജർ (അഡ്മിനിസ്ട്രേഷൻ) | 57400 - 110300 | 1 | **അന്യത്രസേവന വ്യവസ്ഥയിൽ/ പുനർവിന്യാസം മുഖേന** സെക്ഷൻ ഓഫീസർ തസ്തികയിലുള്ളതോ സമാന പദവി വഹിക്കുന്നവരോ ആയ കേരള സർക്കാരിനു കീഴിലെ എതെങ്കിലും വകുപ്പിലെ ഉദ്യോഗസരിൽ നിന്നും. |
| 6 | മാനേജർ (ടെക്നിക്കൽ) | മാതൃസ്ഥാപനത്തിലെ സ്കെയിൽ. | 1 | **അന്യത്രസേവന വ്യവസ്ഥയിൽ** സംസ്ഥാന പോതുമേഖലാ സ്ഥാപനത്തിലെ അസിസ്റ്റന്റ് മാനേജർ റാങ്കിലുള്ള എഞ്ചിനിയേഴ്സ് അല്ലെങ്കിൽ ഡെപ്യൂട്ടി മാനേജർ തസ്തികയിൽ 15 വർഷ പ്രവർത്തി പരിചയമുള്ളവരിൽ നിന്നും. |
| 7 | ചെയർമാന്റെ പി.എ. | 56500 -118100 | 1 | **അന്യത്രസേവന വ്യവസ്ഥയിൽ**<br>◦ ടൈപ്പ്റൈറ്റിംഗ് ഇംഗ്ലീഷ് (ഹയർ) & മലയാളം (ലോവർ)<br>◦ ഷോർട്ട്ഹാന്റ് (ഇംഗ്ലീഷ് & മലയാളം (ലോവർ))<br>◦ അഭികാമ്യം - സെക്രട്ടേറിയൽ പ്രാക്ടീസിൽ ഡിപ്ലോമ |
| 8 | സിസ്റ്റം അഡ്മിനിസ്ട്രേറ്റർ | 51400 - 110300 | 1 | 1. B.Tech (കംപ്യൂട്ടർ സയൻസ്)/ B.Tech (ഇൻഫർമേഷൻ ടെക്നോളജി)<br>**അല്ലെങ്കിൽ**<br>ഒരു അംഗീകൃത സർവ്വകലാശാലയിൽ നിന്നോ സംസ്ഥാന/കേന്ദ്ര ഗവൺമെന്റിന്റെ അംഗീകാരമുള്ള ഒരു സ്ഥാപനത്തിൽ നിന്നോ റഗുലർ കോഴ്സിന് ശേഷം നേടിയ MCA.<br>**അല്ലെങ്കിൽ**<br>കംപ്യൂട്ടർ സയൻസ്/ ഇൻഫർമേഷൻ ടെക്നോളജിയിൽ MSC. |

സ.ഉ.(കൈ) നം.54/2023/ID

പൊതുഭരണ (സർവ്വീസസ് - എ / സി / ഇ) വകുപ്പ്

വെബ് & ന്യൂ മീഡിയ, വിവര പൊതുജന സമ്പർക്ക വകുപ്പ്

കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

Signed by
AJITHKUMAR A
സെക്ഷൻ ഓഫീസർ
Date: 31-07-2023 10:44:56

പകർപ്പ്: 1. ബഹു. വ്യവസായ വകുപ്പ് മന്ത്രിയുടെ പി.എസ് ന്

2. വ്യവസായ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ സി.എയ്ക്ക്

3. വ്യവസായ വകുപ്പ് ഓഫീസർ ഓൺ സ്പെഷ്യൽ ഡ്യൂട്ടിയുടെ സി.എയ്ക്ക്

4. വ്യവസായ വകുപ്പ് അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്.